പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ .7730

23.07.2012-ൽ മറുപടിക്ക്

## ക്ഷേമനിധി ബോർഡിൽ നിന്നുള്ള മത്സ്യത്തൊഴിലാളി ആനുകൂല്യങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി.കെ. ഗുരുദാസൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും വിവിധ പദ്ധതികൾ വഴി എന്തൊക്കെ ആനുകൂല്യങ്ങളാണ് മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതെന്നും ഈ സർക്കാർ അധികാരമേറ്റ ശേഷം ഈ ആനുകൂല്യങ്ങൾ ഓരോന്നും ഏതു മാസം വരെ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (എ) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മത്സ്യത്തൊഴിലാളികൾക്കായി നടപ്പിലാക്കി വരുന്ന ക്ഷേമപദ്ധതികൾ വഴി ഈ സർക്കാർ അധികാരമേറ്റ ശേഷം 15.07.12 വരെയുള്ള ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ഇതിന്റെ വിശദമായ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ഇവയുടെ വിതരണത്തിന് മുടക്കം വന്നിട്ടുണ്ടെങ്കിൽ കുടിശ്ശിക തുക എന്ന് നൽകുമെന്നും ഇതിനായി ബോർഡിന് ധനസഹായം നൽകുന്നുണ്ടോ എന്നും വ്യക്തമാക്കുമോ; | (ബി) | മത്സ്യത്തൊഴിലാളികൾക്കായുള്ള പദ്ധതി ആനുകൂല്യങ്ങളിൽ വാർധക്യ കാല പെൻഷൻ, ഇൻഷ്വറൻസ് പദ്ധതി എന്നിവ ഒഴികെ മറ്റുള്ളവ വിതരണം ചെയ്യുന്നതിന് മുടക്കം സംഭവിച്ചിട്ടുണ്ട്. ബോർഡിൽ വിവിധ അംശാദായകരിൽ നിന്നും ലഭിക്കുന്ന വിഹിതം സമാഹരിച്ചുണ്ടാക്കുന്ന ഫണ്ടിന്റെ ലഭ്യതയനുസരിച്ചാണ് മറ്റുള്ള പദ്ധതികളുടെ ആനുകൂല്യം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നത്. വാർദ്ധക്യകാലപെൻഷൻ, ഇൻഷ്വറൻസ് എന്നീ പദ്ധതികൾക്ക് സർക്കാർ ധനസഹായം ലഭ്യമാക്കുന്നുണ്ട്. |
| (സി) | സർക്കാർ സഹായമില്ലെങ്കിൽ ബോർഡ് ഈ തുക എങ്ങനെ കണ്ടെത്തുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ? | (സി) | ബോട്ട്, ഇൻബോർഡ് വള്ളം എന്നിവയുടെ ഉടമകളിൽ നിന്നും കുടിശ്ശികയായി അംശാദായം പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ മത്സ്യക്കയറ്റുമതിക്കാരിൽ നിന്നും സെസ്സ് പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. ഇവരിൽ നിന്നും മത്സ്യത്തൊഴിലാളികളിൽ നിന്നും ലഭിക്കുന്ന ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കുടിശ്ശിക കൊടുത്തുതീർക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**